ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:17.10.2025**

## പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു നാല് ദിവസത്തെ സന്ദർശനത്തിനായി ചൊവ്വാഴ്ച കേരളത്തിലെത്തും. സന്ദർശനത്തിനായുള്ള മുന്നൊരുക്കങ്ങൾ സംസ്ഥാനത്ത് പുരോഗമിക്കുന്നു.
2. അമീബിക് മസ്തിഷ്ക ജ്വരം കൃത്യമായി കണ്ടെത്തുന്നതിലൂടെ, മരണനിരക്ക് ഗണ്യമായി കുറയ്ക്കാൻ സംസ്ഥാനത്തിന് സാധിച്ചതായി ആരോഗ്യ മന്ത്രി വീണ ജോർജ്.
3. പള്ളുരുത്തി സെൻറ് റീത്താസ് സ്കൂൾ ഹിജാബ് വിവാദത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് സ്റ്റേ ചെയ്യാതെ ഹൈക്കോടതി.
4. തുലാമാസ പൂജകൾക്കായി ശബരിമലക്ഷേത്ര നട തുറന്നു. മേൽശാന്തി നറുക്കെടുപ്പ് നാളെ.
5. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരും. 10 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
6. രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളത്തിനെതിരെ മഹാരാഷ്ട്രയ്ക്ക് 20 റൺസിന്റെ ഒന്നാം ഇന്നിങ്സ് ലീഡ്.

RNU TVPM

## രാഷ്ട്രപതി- കേരള സന്ദർശനം

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ കേരള സന്ദർശനത്തിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. നാലുദിവസത്തെ സന്ദർശനത്തിനായി ഈ മാസം 21 -നാണ് രാഷ്ട്രപതി തിരുവനന്തപുരത്തെത്തുക. 22നാണ് ശബരിമല ദർശനം. വിപുലമായ തയ്യാറെടുപ്പുകളാണ് സന്നിധാനത്തും പമ്പയിലും ഇതോടനുബന്ധിച്ച് നടക്കുന്നത്. 23ന് രാവിലെ രാജ്ഭവൻ അങ്കണത്തിൽ മുൻ രാഷ്ട്രപതി കെ.ആർ. നാരായണൻറെ അർധകായ പ്രതിമ ശ്രീമതി മുർമു അനാച്ഛാദനം ചെയ്യും. തുടർന്ന് ശിവഗിരിയിൽ നടക്കുന്ന ശ്രീനാരായണ ഗുരു മഹാസമാധി ശതാബ്ദിയിൽ രാഷ്ട്രപതി മുഖ്യാതിഥിയാകും. പാലാ സെൻറ് തോമസ് കോളജിൽ നടക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിലും അന്നേ ദിവസം ശ്രീമതി മുർമു പങ്കെടുക്കും. 24ന് എറണാകുളം സെൻറ് തെരേസാസ് കോളജിലെ ശതാബ്ദി ആഘോഷത്തിൽ പങ്കെടുത്തശേഷം വൈകുന്നേരത്തോടെ വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ രാഷ്ട്രപതി ന്യൂഡൽഹിക്ക് മടങ്ങും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി-കേരളം

മുഖ്യമന്ത്രി പിണറായി വിജയൻറെ ഗൾഫ് സന്ദർശനം പുരോഗമിക്കുന്നു. പ്രവാസി മലയാളി സംഗമം മുഖ്യമന്ത്രി ഇന്ന് ബഹ്റിനിൽ ഉദ്ഘാടനം ചെയ്യും. മലയാള മിഷനും, ലോക കേരള സഭയും ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്. ബഹ്റിനിലെ ഇന്ത്യൻ അംബാസഡർ വിനോദ് ജേക്കബ്, മന്ത്രി സജി ചെറിയാൻ, പ്രമുഖ വ്യവസായി എം.എ യൂസഫ് അലി എന്നിവർ പരിപാടിയിൽ വിശിഷ്ടാതിഥികളാകും.

❁❁❁❁❁❁❁❁❁❁❁❁❁

## വീണ ജോർജ് (ഇൻട്രോ)

അമീബിക് മസ്തിഷ്ക ജ്വരം കൃത്യമായി കണ്ടുപിടിക്കുന്നതിലൂടെ , രോഗം മൂലമുള്ള മരണനിരക്ക് ഗണ്യമായി കുറയ്ക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞതായി ആരോഗ്യ മന്ത്രി വീണ ജോർജ്.

ആഗോളതലത്തിൽ 98 ശതമാനത്തിനടുത്ത് മരണനിരക്കുള്ളപ്പോൾ കേരളത്തിൽ ഇത് 23 ശതമാനത്തിലേക്ക് എത്തിക്കാൻ കഴിഞ്ഞുവെന്നും മന്ത്രി മാനന്തവാടിയിൽ മാധ്യമങ്ങളോട് പറഞ്ഞു. തിരിച്ചറിയപ്പെടാതെ പോകുമായിരുന്ന അമീബിക് മസ്തിഷ്ക ജ്വര ബാധ, കൃത്യമായി കണ്ടെത്തുന്നതിലൂടെ നിരവധി ജീവനുകൾ രക്ഷിക്കാൻ സാധിച്ചതായും ശ്രീമതി വീണാ ജോർജ് വ്യക്തമാക്കി.
(ഹോൾഡ്)

❋❋❋❋❋❋❋❋❋❋❋❋❋

## ഹിജാബ് വിവാദം

പള്ളുരുത്തി സെൻറ് റീത്താസ് സ്കൂളിലെ ഹിജാബ് വിവാദത്തിൽ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഉത്തരവ് സ്റ്റേ ചെയ്യാതെ ഹൈക്കോടതി. വിദ്യാർത്ഥിനിക്ക് ശിരോവസ്ത്രം ധരിച്ച് സ്കൂളിൽ പ്രവേശിക്കാമെന്ന ഡിഡിഇയുടെ ഉത്തരവ് സ്റ്റേ ചെയ്യണമെന്ന മാനേജ്മെൻറിൻറെ ആവശ്യം കോടതി തള്ളുകയായിരുന്നു. ജസ്റ്റിസ് വി ജി അരുൺ ആണ് കേസ് പരിഗണിച്ചത്. സിബിഎസ്ഇ സ്കൂളിൻറെ നിയമാവലിയിൽ ഇടപെടാൻ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് അധികാരമില്ലെന്നായിരുന്നു മാനേജ്മെൻറിൻറെ വാദം

RNU TVPM

❋❋❋❋❋❋❋❋❋❋❋❋❋

## ജി എസ് ടി - രാജു അപ്സര (ഇൻട്രോ))

സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം രാജ്യത്ത് നടപ്പിലാക്കിയ ഏറ്റവും വലിയ നികുതി പരിഷ്കരണമാണ് ജിഎസ് ടി ഘടനാ പരിഷ്കരണം എന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡൻറ് രാജു അപ്സര. ഒരു രാജ്യം, ഒരു വിപണി എന്ന ലക്ഷ്യത്തിന് വ്യാപാരി വ്യവസായി സമൂഹം വലിയ പിന്തുണയാണ് നൽകുന്നതെന്നും അദ്ദേഹം ആകാശവാണിയോട് പറഞ്ഞു .....
**(....വോയിസ്...)**

❋❋❋❋❋❋❋❋❋❋❋❋❋

## ടോൾ പുനസ്ഥാപിച്ചു

തൃശ്ശൂർ പാലിയേക്കരയിൽ ടോൾ പിരിക്കാൻ ഉപാധികളോടെ അനുമതി നൽകി ഹൈക്കോടതി. പഴയ നിരക്ക് തന്നെ തുടരാനാണ് നിർദ്ദേശം. ടോൾ പിരിവ് പുനസ്ഥാപിക്കുന്നതിൻറെ പശ്ചാത്തലത്തിൽ പാലിയേക്കര ടോൾ ബൂത്തിന് പോലീസ് സുരക്ഷ വർധിപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

ശബരിമല

തുലാമാസ പൂജകൾക്കായി ശബരിമലക്ഷേത്ര നട ഇന്ന് വൈകുന്നേരം നാല് മണിക്ക് തുറന്നു. തന്ത്രിയുടെ സാന്നിധ്യത്തിൽ മേൽശാന്തി നട തുറന്ന് ദീപം തെളിച്ചു. അറ്റകുറ്റപ്പണികൾക്ക് ശേഷം തിരികെ എത്തിച്ച സ്വർണപാളികൾ ദ്വാരപാലക ശിൽപങ്ങളിൽ ഇന്ന് പുനസ്ഥാപിച്ചു. ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് തുലാം ഒന്നായ നാളെ രാവിലെ സന്നിധാനത്ത് നടക്കും. 21ന് ചിത്തിര ആട്ടതിരുനാൾ പ്രമാണിച്ചുള്ള പൂജകൾ നടക്കും. രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് 22ന് തീർഥാടകർക്ക് ദർശനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

ശബരിമല-അറസ്റ്റ്

ശബരിമല സ്വർണ്ണപ്പാളി അപഹരണ കേസുമായി ബന്ധപ്പെട്ട് ഉണ്ണികൃഷ്ണൻ പോറ്റിയെ ഈ മാസം 30 വരെ പ്രത്യേക അന്വേഷണ സംഘത്തിൻ്റെ കസ്റ്റഡിയിൽ വിട്ടു. പത്തനംതിട്ട റാന്നി ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടേതാണ് ഉത്തരവ്. കോടതി പരിസരത്ത് ഉണ്ണികൃഷ്ണൻ പോറ്റിയ്ക്കെതിരെ ചെരുപ്പേറുണ്ടായി.

❁❁❁❁❁❁❁❁❁❁❁❁❁

യാനം - മന്ത്രി പി എ മുഹമ്മദ് റിയാസ്

'യാനം' ട്രാവൽ ലിറ്ററേച്ചർ ഫെസ്റ്റിന് വർക്കലയിൽ തുടക്കമായി. ലോക സഞ്ചാര സാഹിത്യ മേഖലയിൽ കേരളത്തെ കൂടുതൽ അടയാളപ്പെടുത്താൻ ഫെസ്റ്റിവൽ സഹായിക്കുമെന്ന് ഉദ്ഘാടനം നിർവഹിച്ചു കൊണ്ട് ടൂറിസം മന്ത്രി

മുഹമ്മദ് റിയാസ് പറഞ്ഞു . കേരള ടൂറിസം സംഘടിപ്പിക്കുന്ന യാനം സാഹിത്യവും യാത്രയും കൂടിച്ചേരുന്ന രാജ്യത്തെ തന്നെ ആദ്യ സംഗമമാണ്. സഞ്ചാര സാഹിത്യ മേഖലയിലെ ലോക പ്രശസ്തരും, സാഹസിക സഞ്ചാരികളും, വ്‌ളോഗർമാരും മൂന്ന് ദിവസം നീളുന്ന സഞ്ചാര സാഹിത്യോത്സവത്തിൽ പങ്കെടുക്കുന്നുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

ഓണാട്ടുകര (ഇൻട്രോ)

ഭൗമസൂചികാപദവി ലഭിച്ച ഓണാട്ടുകര എള്ളിന്റെ കൃഷി കൂടുതൽ സജീവമാകുന്നു. 50 ഹെക്ടറോളം സ്ഥലത്താണ് ഇത്തവണ എള്ള് കൃഷി ചെയ്യുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.......

**(ഹോൾഡ് വോയ്സ്)**

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 127-ാം പതിപ്പിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

മഴ

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരും. പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് ഒഴികെ 10 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. 9 ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്. ലക്ഷദ്വീപിലും ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. അറബിക്കടലിലെ, ചക്രവാതച്ചുഴി നാളെയോടെ ന്യൂന മർദ്ദമായി ശക്തി

പ്രാപിക്കുമെന്നും കാലാവസ്ഥാ വിഭാഗം മുന്നറിയിപ്പ് നൽകി. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ഈ മാസം 21 വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ല.

### രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളത്തിനെതിരെ മഹാരാഷ്ട്രയ്ക്ക് 20 റൺസിൻ്റെ ഒന്നാം ഇന്നിങ്സ് ലീഡ്. കേരളത്തിൻ്റെ ആദ്യ ഇന്നിങ്സ് 219 റൺസിന് അവസാനിച്ചു. മൂന്ന് വിക്കറ്റിന് 35 റൺസെന്ന നിലയിലാണ് കേരളം ഇന്ന് കളി ആരംഭിച്ചത്. രണ്ടാം ഇന്നിങ്സിൽ ബാറ്റിങ് തുടങ്ങിയ മഹാരാഷ്ട്ര മൂന്നാം ദിവസം കളി നിർത്തുമ്പോൾ വിക്കറ്റ് പോകാതെ 51 റൺസെന്ന നിലയിലാണ്.

### വനിതാ ട്വൻ്റി 20

ദേശീയ സീനിയർ വനിതാ ട്വൻ്റി 20 ടൂർണ്ണമെൻ്റിൽ ഗുജറാത്തിനെ തോല്പിച്ച് കേരളം. നാല് വിക്കറ്റിനാണ് കേരളത്തിൻ്റെ വിജയം. ആദ്യം ബാറ്റ് ചെയ്ത ഗുജറാത്ത് 20 ഓവറിൽ ഒൻപത് വിക്കറ്റ് നഷ്ടത്തിൽ 100 റൺസെടുത്തു. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ കേരളം 16.4 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടക്കുകയായിരുന്നു.

RNUTVPM

### ഓഹരി വിപണി

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 485 പോയിന്റ് ഉയർന്ന് 83,952 ലും, നിഫ്റ്റി 125 പോയിന്റ് നേട്ടത്തിൽ 25,710 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ വർധന. സ്വർണം ഗ്രാമിന് 355 രൂപ ഉയർന്ന് 12,170 രൂപയും, പവന് 97,360 രൂപയുമാണ് ഇന്നത്തെ വില.

### അൻപ്-ആർ. ബിന്ദു

സാമൂഹ്യനീതി വകുപ്പിന്റെ 50- ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ

ഉന്നമനത്തിനായി 'അൻപ്' തീവ്ര പ്രചാരണ പരിപാടി സംസ്ഥാനത്ത് ആരംഭിക്കുമെന്ന് മന്ത്രി ആർ. ബിന്ദു. ഭിന്നശേഷിക്കാരും കുടുംബവും നേരിടുന്ന പ്രയാസങ്ങൾ സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ് ക്യാമ്പയിനിന്റെ പ്രധാന ലക്ഷ്യം.

RNU TVPM